# ഉപദേശപരമായ പ്രശ്നങ്ങളെ നേരിടൽ

സഭയ്ക്കുള്ളിൽ നേരിടുന്ന ഉപദേശപരമായ വിയോജിപ്പിനേക്കാൾ, വെല്ലുവിളി ഉയർത്തുന്ന മറ്റൊന്നു സഭാദ്ധ്യക്ഷന്മാർക്ക് ഉണ്ടാകുകയില്ല. ഉപദേശപരമായ വ്യത്യാസങ്ങളുടെ പരിണിതഫലത്തിൽ സഹോദരങ്ങൾ തമ്മിലുള്ള ഉരസൽ, ഭിന്നിക്കപ്പെട്ട സഭകൾ, അകൽച്ചയുള്ള ഭവനങ്ങൾ, നുറുങ്ങിയ ഹൃദയങ്ങൾ, പ്രതികരണശേഷിയില്ലാത്ത സമൂഹങ്ങൾ, കൂടാതെ നഷ്ടമായ ആത്മാക്കൾ എന്നിവ ഉൾപ്പെടുന്നു. പ്രാദേശിക സഭയിൽ ഉപദേശപരമായ ചോദ്യങ്ങൾ ഉയരുമ്പോൾ എന്തുചെയ്യാൻ കഴിയും?

ഉപദേശപരമായ തർക്കങ്ങൾ കാരണം, ആദ്യം, മൂപ്പന്മാർ പ്രവർത്തിക്കുന്നത് യോജിക്കാത്ത രീതിയിലാണെന്ന് നമുക്കു തോന്നിയേക്കാം. മൂപ്പന്മാർ ഇടയന്മാരെ പോലെ മാതൃകയാലും, ഉത്തേജിപ്പിച്ചും, പ്രചോദിപ്പിച്ചും അവരെ അവരുടെ ശ്രദ്ധയാൽ വളരെ മൃദുവായി നയിക്കേണ്ടതാണ് എന്നു നാം ഊന്നൽ കൊടുത്തു കഴിഞ്ഞു. അത് നല്ല കോഴ്സു എടുക്കുന്നതിൽ ഒരു പൊതുസമ്മതത്തിൽ എത്താൻ അംഗങ്ങളെ ബുദ്ധിപൂർവ്വം സഹായിച്ചുകൊണ്ട് സാധാരണ മൂപ്പന്മാർ സഭാംഗങ്ങളെ നയിക്കുന്നു. എങ്ങനെയായാലും, ഒരു സഭയിലെ മൂപ്പന്മാർക്കു പ്രവർത്തിക്കുവാനുള്ള ഒരു സമയം വരും, അതു സഭയിലെ വിശ്വാസത്തിന്റെ ഐക്യത തിരിച്ചറിഞ്ഞായിരിക്കയില്ല, മറിച്ചു ആധികാരികമായിട്ടാണ്! ഈ സമയത്തു സഭയിലെ ചിലർ സത്യത്തിൽ നിന്നകന്നുപോയി ആളുകൾ നഷ്ടപ്പെട്ടു പോകുവാനിടയുള്ള ഉപദേശങ്ങൾ പഠിപ്പിക്കയും പരിശീലിപ്പിക്കയും ചെയ്യുവാൻ തുടങ്ങും!

അതു സംഭവിക്കുമ്പോൾ ഇടയന്റെ ദൃഷ്ടാന്തപരം ഇപ്പോഴും പ്രായോഗികമെന്നു വരുന്നു. പിന്നെ ആടുകളോടു വളരെ സൗമ്യമായി ഇടപെടുന്ന ഇടയൻ ആവശ്യമുള്ളതെല്ലാം ചെയ്യുന്നു – അതു ബൈബിൾപ്രകാരവും, ന്യായപ്രകാരവും, ധാർമ്മികപ്രകാരവുമായ അതിർത്തിക്കുള്ളിൽ നിന്നുകൊണ്ട് – ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ നശിപ്പിക്കുന്ന **"**കൊടിയ ചെന്നായ്ക്കളെ**"** തോല്പിക്കുന്നതിനാണ് (പ്രവൃത്തികൾ 20:29, 30). അതേ ഇടയൻ നഷ്ടപ്പെട്ട ആടിനെ കണ്ടെത്തിയാൽ

മൃദുവായി ചുമലിൽ വെച്ചുകൊണ്ടു വീട്ടിലേക്കു കൊണ്ടുവരുന്നു (ലൂക്കൊസ് 15:4-6) അതു, ദാവീദിനെ പോലെ, തന്റെ ആയുധം ഉപയോഗിച്ചു "സിംഹ" ത്തെയും "കരടി" യെയും നശിപ്പിച്ചു ആടുകളെ സംരക്ഷിച്ചതുപോലെയാണ് (1 ശമുവേൽ 17:34-36). ആടുകളെ ശത്രുക്കളിൽ നിന്നു രക്ഷിക്കുന്നത് അവയെ പോറ്റുകയും, നയിക്കുകയും, അന്വേഷിക്കയും, ആശ്വസിപ്പിക്കുകയും ചെയ്യുന്നതുപോലെ ഒരു ഇടയന്റെ പ്രവൃത്തിയുടെ ഭാഗം തന്നെയാണ്.

എല്ലാ ഉപദേശപരമായ വിയോജിപ്പുകളുടെ വിഷയങ്ങളും ശക്തമായ നടപടി ആവശ്യപ്പെടുന്നില്ല. ഉപദേശപരമായ വ്യത്യാസങ്ങൾ സഭകളെ ഭിന്നിപ്പിക്കുമെന്നതു ദുഃഖകരവും എന്നാൽ വാസ്തവവുമാണ്. അതുകൊണ്ട് ഉപദേശപരമായ പ്രശ്നങ്ങളെ നേരിടുമ്പോൾ സഭാദ്ധ്യക്ഷന്മാർ ബുദ്ധിയോടെ പ്രവർത്തിക്കണം. പ്രത്യേകമായി, അവർ ഉത്തരവാദികളാണ് (1) ഉപദേശ വ്യത്യാസം ഉയരാത്ത വിധത്തിൽ സഭയെ നയിക്കേണ്ടതിനും, (2) പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവയെ ശരിയായി കൈകാര്യം ചെയ്യുന്നതിൽ. അവരെ വിളിച്ചിരിക്കുന്നത് രണ്ടിനുമാണ് അത് ഉപദേശപരമായ പ്രശ്നങ്ങളെ തടയാനും പരിഹരിക്കുവാനുമാണ്.

## ഉപദേശപരമായ പ്രശ്നങ്ങളെ<br>തടയൽ

ഉപദേശപരമായ പ്രശ്നങ്ങളെ സംബന്ധിച്ചു, "ഏറ്റവും നല്ല നടപടി പ്രതിരോധമാണ്." ഉപദേശപരമായ പ്രശ്നങ്ങളെ തടയുവാൻ, ഒരു ഇടവകയുടെ അദ്ധ്യക്ഷന്മാർ അഞ്ചു നടപടികൾ സ്വീകരിക്കണം:

### ആത്മിക വർദ്ധനവിനെ ഊന്നണം

അതിലുപരി, സഭ എല്ലായ്പ്പോഴും ആത്മിക വർദ്ധനെക്കും അംഗങ്ങളെ പണിയുന്നതിലും ശ്രദ്ധിക്കുന്നുണ്ടെന്ന് സഭാദ്ധ്യക്ഷന്മാർ ഉറപ്പു വരുത്തണം (റോമർ 14:17, 19). സ്നേഹിക്കുന്നതിലും, സഹായത്തിലും, ഉപദേശത്തിലും, ആത്മാക്കളെ നേടുന്നതിലും, മുഴുകുന്ന ഒരു സഭയ്ക്ക് പ്രാധാന്യമില്ലാത്ത കാര്യങ്ങളിൽ, ഇടപെടുവാൻ സമയം അധികം ലഭിക്കയില്ല അല്ലെങ്കിൽ താല്പര്യം ഉണ്ടാവുകയില്ല.

ഏതൊരു ഇടവകയിലും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം. എന്നിരുന്നാലും, മിക്ക ഇടവകയിലും, 95 ശതമാനം പഠിപ്പിച്ചതായ കാര്യങ്ങളോടു കൂടുതൽ ആളുകളും യോജിക്കും. അതിലുപരി, കൂടുതൽ പേർക്കും സഭയുടെ പ്രവൃത്തികളിലെല്ലാം മനസാക്ഷിക്കു ആക്ഷേപം വരാതെ പങ്കെടുക്കുവാൻ കഴിയും. ചോദ്യം പിന്നെ ഊന്നൽ കൊടുക്കേണ്ടതിനെ സംബന്ധിച്ചുള്ളതാണ്: നാം വിയോജിക്കുന്ന കുറച്ചു ചോദ്യങ്ങളിൽ നാം ഊന്നൽ കൊടുക്കുമോ അതോ നമുക്കു യോജിപ്പുള്ള അനേക കാര്യങ്ങളിൽ ഊന്നൽ കൊടുക്കണോ?

### സത്യത്തോടു സമർപ്പിക്കപ്പെടൽ

ദൈവ വചന സത്യത്തിന്നു സമർപ്പിക്കപ്പെട്ടവരാകണം സഭാദ്ധ്യക്ഷന്മാർ. *"പത്ഥ്യോപദേശം" പ്രധാനപ്പെട്ടതാണ്.* യേശു പറഞ്ഞു, "കള്ള

പ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളേണം" (മത്തായി 7:15) "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹന്നാൻ 8:32). പൗലൊസ് "ദൈവത്തിന്റെ ആലോചന മുഴുവനും" പ്രസംഗിച്ചു (പ്രവൃത്തികൾ 20:27). ഗലാത്യർ 1:6-9-ൽ, പൗലൊസ് വ്യക്തമാക്കിയത് ദൈവത്തിനു ഒരേ ഒരു സുവിശേഷമേയുള്ളൂ എന്നാണ്; ആ സുവിശേഷമല്ലാത്തതെന്തും സുവിശേഷത്തെ മറിച്ചു കളയുന്നതാണ്, അതു ഉപദേശിക്കുന്നവൻ കുറ്റക്കാരനുമാണ്. "വിശുദ്ധന്മാർക്കു ഒരിക്കലായി ഭരമേല്പിച്ച വിശ്വാസം" എന്നാണ് യൂദാ പറഞ്ഞത് (യൂദാ 3). തിമൊഥെയൊസിനും തിത്തൊസിനും എഴുതിയ ലേഖനങ്ങളിൽ വചനം പ്രസംഗിക്കുവാനും, പത്ഥ്യോപദേശം മുറുകെ പിടിപ്പാനും, ദുരുപദേഷ്ടാക്കന്മാരെ ചെറുക്കുവാനും തള്ളിക്കളയുവാനും നിർദ്ദേശിച്ചിരിക്കുന്നു (1 തിമൊഥെയൊസ് 1:3-7; 4:1-6; 6:3-5; 2 തിമൊഥെയൊസ് 4:1-5; തിത്തൊസ് 1:12-16; 2:1). ദുരുപദേഷ്ടാക്കന്മാർക്കെതിരായ മുന്നറിയിപ്പുകൾ 2 പത്രൊസ് 2:1-3, 1 യോഹന്നാൻ 4:1-3, 2 യോഹന്നാൻ 7-11 ലും കാണാം. പുതിയ നിയമം വായിക്കയോ വിശ്വസിക്കയോ ചെയ്യാത്തവരാണ് ഉപദേശം കാര്യമാക്കേണ്ട എന്നു പറയുന്നവർ!

പത്ഥ്യോപദേശം പ്രാധാന്യമുള്ളതാകകൊണ്ടു, സത്യം മുറുകെ പിടിച്ചിരിക്കുന്നു എന്നു ഉറപ്പു വരുത്തേണ്ടതു സഭാദ്ധ്യക്ഷന്മാർക്കു ആവശ്യമാണ്. തിത്തൊസ് 1:9-ൽ പൗലൊസ് പറഞ്ഞതു ഒരു അദ്ധ്യക്ഷൻ "പത്ഥ്യോപദേശത്താൽ പ്രബോധിപ്പിപ്പാനും വിരോധികൾക്കു ബോധം വരുത്തുവാനും ശക്തനാകേണ്ടതിനു, ഉപദേശപ്രകാരമുള്ള വിശ്വാസ്യവചനം മുറുകെ പിടിക്കുന്നവനും" ആയിരിക്കേണം എന്നാണ്.

അദ്ധ്യക്ഷന്മാരുടെ മുഖ്യ ജോലി തന്നെ സഭയെ ദുരുപദേശങ്ങളിൽ നിന്നും ദുരുപദേഷ്ടാക്കളിൽ നിന്നും സംരക്ഷിക്കുക എന്നതാണ്. (നോക്കുക പ്രവൃത്തികൾ 20:28-31.) തിത്തൊസ് 1:9-11 അനുസരിച്ച്, അദ്ധ്യക്ഷന്മാർക്ക് ഈ പ്രവൃത്തി ചെയ്യേണ്ടതിനു ചുരുങ്ങിയത് നാലു ഉത്തരവാദിത്വങ്ങൾ നിറവേറ്റേണ്ടതുണ്ട്: (1) *സത്യവും അസത്യവും വേർതിരിച്ചറിയേണ്ട വിധത്തിൽ സത്യം അറിയുക.* അവർ "ഉപദേശപ്രകാരമുള്ള വിശ്വാസ്യവചനം മുറുകെ പിടിച്ചുകൊള്ളേണം" (വാ.9). (2) *സത്യം പഠിപ്പിക്കയും തങ്ങൾ സേവിക്കുന്ന ഇടവകയിൽ ആ സത്യം എത്തിയോ എന്നു നോക്കുകയും വേണം:* "പത്ഥ്യോപദേശത്താൽ പ്രബോധിപ്പിപ്പാൻ കഴിവുള്ളവരായിരിക്കണം ..." മൂപ്പന്മാർ (വാ. 9). (3) *ദുരുപദേശത്തെയും ദുരുപദേഷ്ടാക്കളേയും ചെറുക്കുവാൻ കഴിവുള്ളവരായിരിക്കണം.* പത്ഥ്യവചനത്താൽ "വിരോധികൾക്കു ബോധം വരുത്തേണ്ടവരാണ്" മൂപ്പന്മാർ എന്നു വാക്യം 9 പറയുന്നു. (4) *ദുരുപദേഷ്ടാക്കളിൽ നിന്നും ദുരുപദേശങ്ങളിൽ നിന്നും കൂട്ടത്തെ സംരക്ഷിക്കണം.* എന്തുകൊണ്ടാണെന്നു പൗലൊസ് 10 ഉം 11 ഉം വാക്യങ്ങളിൽ പറയുന്നു: "കാരണം മത്സരിക്കുന്നവരായ പലരുണ്ടല്ലോ, ... അവരുടെ വായ് അടെക്കേണ്ടതാകുന്നു. ..."

**സത്യം പഠിപ്പിക്കൽ**

പത്ഥ്യോപദേശം പ്രാധാന്യമുള്ളതാകയാൽ, തുടർച്ചയായ ഉപദേശ

ത്തിന്റെ ആവശ്യമുണ്ട്. ഇടവകയിൽ **"ഉപദേശപരമായ"** പ്രസംഗങ്ങൾ ഒരിക്കലും നടത്തിയിട്ടില്ലെങ്കിൽ, ദുരുപദേഷ്ടാക്കളുടെ സ്വാധീനം ഇടവകയിൽ കടന്നുവരും. വിശ്വാസ ത്യാഗത്തിൽ നിന്നും ഒരു തലമുറ മാത്രം അകലെയാണ് നാം എന്നു എപ്പോഴും ഓർക്കണം!

### അഭിപ്രായ മേഖലയിൽ സ്വാതന്ത്ര്യം അനുവദിക്കൽ

വിശ്വാസകാര്യങ്ങളും അഭിപ്രായ കാര്യങ്ങളും തമ്മിലുള്ള വ്യത്യാസം സഭാദ്ധ്യക്ഷന്മാർ തിരിച്ചറിയുന്നതു സുപ്രധാനമാണ്. അഭിപ്രായ മേഖലയിൽ സഭാംഗങ്ങൾക്ക് അവർ ആഗ്രഹിക്കുന്നതു വിശ്വസിക്കുവാനുള്ള സ്വാതന്ത്ര്യം സഭാദ്ധ്യക്ഷന്മാർ അനുവദിച്ചു കൊടുക്കണം.

**"വിശ്വാസകാര്യവും" "അഭിപ്രായ കാര്യവും"** എന്നാൽ എന്താണർത്ഥം? വീണ്ടെടുപ്പു പ്രവൃത്തിയിൽ, വ്യത്യാസം ഇപ്രകാരം പറയുന്നതിലൂടെ തിരിച്ചറിയാം **"**വിശ്വാസകാര്യങ്ങളിൽ, ഐക്യതയും; അഭിപ്രായ കാര്യങ്ങളിൽ, സ്വാതന്ത്ര്യവും; എല്ലാ കാര്യങ്ങളിലും, ചാരിറ്റിയും [സ്നേഹം].**" "വിശ്വാസകാര്യങ്ങൾ"** പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ സമയരഹിതമായ വീക്ഷണവുമായി ബന്ധപ്പെട്ടതാണ്, ആ ആവശ്യമായ കാര്യങ്ങൾ കാലം മാറുന്നതനുസരിച്ചു മാറാതിരിക്കുകയും പുതിയനിയമ സഭ സ്ഥാപിക്കുമ്പോൾ പഠിപ്പിക്കേണ്ടതുമാണ്. എന്നാൽ **"**അഭിപ്രായ കാര്യങ്ങൾ**"** ഒന്നാം-നൂറ്റാണ്ടിലെ ക്രിസ്ത്യാനിത്വത്തിന്റെ പ്രവർത്തനത്തിന് ആവശ്യമില്ലാത്ത ചോദ്യങ്ങളാണ്.

ഒരാൾക്ക് പുതിയ നിയമത്തിൽ നിന്നു ആവശ്യമുള്ളതും ആവശ്യമില്ലാത്തതും തമ്മിൽ വേർതിരിച്ചു നിർവ്വചിക്കുന്നത് എങ്ങനെയെന്നു പറയേണ്ട സ്ഥാനം ഇവിടെയല്ല. മറിച്ചു, നാം പൊതുവേ അവ രണ്ടായി തരം തിരിച്ചു എന്നു വെറുതെ ഉറപ്പിക്കുകയാണ്. ഉദാഹരണത്തിനു, സ്നാനം പാപമോചനത്തിനു വേണ്ടി നിമഞ്ജനത്താലും, ആരാധനയിൽ ഉപകരണങ്ങൾ കൂടാതെ പാടുന്നതിനാലും, കർത്തൃമേശ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ (മാത്രം), മുതലായ ഉപദേശങ്ങളെ നാം വിശ്വാസ ഉപദേശങ്ങളായി കണക്കാക്കി പൊതുവെ തരം തിരിച്ചിട്ടുണ്ട്. നേരെമറിച്ചു, നാം അഭിപ്രായ കാര്യങ്ങൾ ആയി കണക്കാക്കിയിരിക്കുന്നത് സഭ കർത്തൃദിവസത്തിൽ എവിടെ, എപ്പോൾ കൂടി വരണം, സ്നാനം എവിടെ വെച്ചു കൊടുക്കണം, കർത്തൃമേശയിൽ നിന്നു പങ്കിടുമ്പോൾ ഒരു കപ്പു മാത്രമോ അഥവാ പല കപ്പുകൾ ഉപയോഗിക്കാമോ, മുതലായവയെ സംബന്ധിച്ചുള്ള ചോദ്യങ്ങളാണ്.

ചില കാര്യങ്ങൾ വിശ്വാസകാര്യമല്ല, മറിച്ചു അഭിപ്രായ കാര്യങ്ങളിൽ വരുന്നതാണെന്നു സഭാദ്ധ്യക്ഷന്മാർ തീരുമാനിച്ചാൽ, അതു വിശ്വസിക്കുവാൻ അവർ അംഗങ്ങൾക്കു സ്വാതന്ത്ര്യം നല്കുകയും, അഭിപ്രായ വ്യത്യാസം പിടിച്ചുകൊണ്ടിരിക്കുന്നവരോടു ക്ഷമിക്കുവാൻ എല്ലാ അംഗങ്ങളെയും പഠിപ്പിക്കയും വേണം.

### ദുരുപദേശത്തിനെതിരെ ഉണർന്നിരിക്കൽ

സഭാദ്ധ്യക്ഷന്മാർ, അവർ നോക്കുന്ന സ്ഥലങ്ങളിൽ ദുരുപദേശങ്ങളും

ദുരുപദേഷ്ടാക്കന്മാരുമുണ്ടോ എന്നു ആഭിചാരകന്മാരെ പോലെ പരിശോധിക്കേണ്ടവരല്ല. മറിച്ചു, ബൈബിൾ അവർ ദുരുപദേഷ്ടാക്കളെ "സൂക്ഷിച്ചുകൊൾവാൻ" ആവശ്യപ്പെടുന്നു, കാരണം പ്രവൃത്തികൾ 20:28–31 ൽ പൗലൊസ് മൂപ്പന്മാർക്കു ഈ മുന്നറിയിപ്പു നല്കുന്നുണ്ട്:

> നിങ്ങളെത്തന്നേയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ, പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചു കൊൾവിൻ, ... ഞാൻ പോയശേഷം, ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത, കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു; ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചു കളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന, പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നു എഴുന്നേല്ക്കും. അതുകൊണ്ട് ഉണർന്നിരിപ്പിൻ. ...

അപകടകരമായ ദുരുപദേശങ്ങളെ കേൾക്കുമ്പോൾ തന്നെ തിരിച്ചറിയേണ്ടതിനാണ് അദ്ധ്യക്ഷന്മാർ ഉണർന്നിരിക്കേണം എന്നു പറയുന്നത്. ഇതോടൊപ്പം, മറിച്ച്, മറ്റു സ്ഥലങ്ങളിലെ ഉപദേശപരമായ പ്രശ്നങ്ങളെ കുറിച്ച് അദ്ധ്യക്ഷന്മാർ ബോധവാന്മാർ ആയിരിക്കേണ്ടതുമാണ്. അതിന് ഇടവകയിൽ ആര് എന്തു പഠിപ്പിക്കുന്നു എന്നതു അവർ തീർച്ചയായും അറിഞ്ഞിരിക്കേണ്ടതുമാണ്.

ദുരുപദേശം തിരിച്ചറിഞ്ഞു അതിനെതിരായി ഉണർന്നിരുന്നാൽ ഇടവകയിലെ അദ്ധ്യക്ഷന്മാർക്കു അതു പ്രശ്നമാകുന്നതിനു മുൻപു തന്നെ കൈകാര്യം ചെയ്യുവാൻ കഴിയും. അപ്പോൾ അവർക്കു, അക്വില്ലാസും പ്രിസ്കില്ലയും ചെയ്തതുപോലെ, തെറ്റായി പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരുവനെ മാറ്റി അരികിൽ നിർത്തി അവന് ദൈവവഴി കൂടുതൽ സ്പഷ്ടമാക്കി ബോധ്യപ്പെടുത്തി കൊടുക്കുവാൻ സാധിക്കും (പ്രവൃത്തി 18:26). ആ സമീപനം പരാജയപ്പെട്ടാൽ, അവന്റെ തെറ്റായ ഉപദേശത്തെ ശാന്തമായി അവസാനിപ്പിച്ചുകൊണ്ട് അവന്റെ സ്വാധീനം കുറയ്ക്കുവാൻ അവർക്കു കഴിഞ്ഞേക്കാം. അവർ എന്തു ചെയ്താലും, അവർ "പാമ്പിനെ പോലെ ബുദ്ധിയുള്ളവരും, പ്രാവിനെ പോലെ നിഷ്ക്കളങ്കരും" ആകേണം (മത്തായി 10:16).

### ഉപദേശപരമായ പ്രശ്നങ്ങൾ പരിഹരിക്കൽ

ഉപദേശപരമായ വിയോജിപ്പുകൾ ഉയർന്നു വരും. പുതിയ നിയമ സഭയിൽ അതുണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ ആദ്യ കാലത്തെ സഭയുടെ ഇടവകകളിൽ ഉപദേശപരമായ പ്രശ്നങ്ങൾ ഉണ്ടായിരുന്നതായി പുതിയ നിയമ ലേഖനങ്ങളുടെ ഓരോ പേജുകളും സാക്ഷ്യപ്പെടുത്തുന്നു. ഏതാണ്ടു അതുപോലെ, ഉപദേശപരമായ വിയോജിപ്പുകൾ മിക്കവാറും അനിവാര്യമായി – അവ തടയാനായി എന്തെല്ലാം ചെയ്താലും കാര്യമില്ലാതെ – ഇന്നും ഉയരുന്നു. ഇതിൽ ആശ്വാസത്തിന്റെ ഒരു ചെറിയ കണിക കാണാം: സഭയെ സംബന്ധിച്ച് ഉപദേശം എന്നാൽ എന്തെങ്കി

ലുമാണ് എന്നർത്ഥമാക്കുന്ന കാലത്തോളം, ആ ഇടവകയിലെ ആളുകൾ ചില സന്ദർഭത്തിൽ ഉപദേശത്തിൽ വിയോജിപ്പു പ്രകടിപ്പിക്കുവാൻ സാധ്യതയുണ്ട്. അതിൽ വലിയ അർത്ഥമൊന്നും കല്പിക്കാതിരുന്നാൽ, ഉപദേശപരമായ വാദങ്ങൾ പിന്നെ ഉണ്ടാവുകയില്ല.

ഉപദേശപരമായ വിയോജിപ്പുകൾ വലിയ നാശം വരുത്തിയേക്കാം. ഉപദേശത്തെ സംബന്ധിച്ചു സഭാദ്ധ്യക്ഷന്മാർ പരിശ്രമിച്ചിട്ടും, സഭാംഗങ്ങൾക്കിടയിലുള്ള വിയോജിപ്പു മാറുന്നില്ലെങ്കിൽ എന്തു ചെയ്യണം, എന്നു നാം അറിഞ്ഞിരിക്കണം.

**പ്രശ്നം എത്ര ഗൗരവമുള്ളതാണെന്നു തീരുമാനിക്കണം**

സഹോദരന്മാർ വിയോജിപ്പു പ്രകടിപ്പിക്കുന്ന പ്രശ്നത്തെ മൂപ്പന്മാർ ഗൗരവമായി കണക്കാക്കണം. അതിന്, അവർ ചോദിക്കേണ്ടത് വിശ്വാസകാര്യമോ അല്ലെങ്കിൽ അഭിപ്രായകാര്യമോ എന്നതായിരിക്കണം. ചോദ്യത്തിന്റെ വ്യത്യസ്ത പക്ഷങ്ങളിലുള്ളവരുടെ രക്ഷയെ ആ വിയോജിപ്പു ബാധിക്കുമോ എന്നും അവർ ചോദിക്കേണ്ടതുണ്ട്. ഉദാഹരണത്തിനു, ചിലർ പറയുന്നതു യോഹന്നാന്റെ ശിഷ്യന്മാരെല്ലാം തന്നെ സഭ സ്ഥാപിച്ചശേഷം വീണ്ടും സ്നാനം ഏല്ക്കണമെന്നാണ്; വേറെ ചിലർ പറയുന്നതു അവർ വീണ്ടും സ്നാനം ഏല്ക്കണം എന്നതു ശരിയല്ല എന്നാണ്. ഈ പ്രശ്നത്തിന്റെ രണ്ടു വശത്തുമുള്ള വിശ്വസ്ത സഹോദരങ്ങൾക്കിടയിൽ ഉണ്ടായിരുന്ന ചോദ്യമായിരുന്നു ഇത്. എങ്ങനെയായാലും, ഇവർ രണ്ടു കൂട്ടരും ഇതു സമ്മതിക്കും: ആർ ശരിയായാലും, അതു ഇന്നു ആരുടെയും രക്ഷയെ ബാധിക്കുന്നതല്ല, മാത്രവുമല്ല അതു ആധുനിക മനുഷ്യനു സ്നാനത്തിന്റെ ആവശ്യം ഇല്ലാതാക്കുന്നുമില്ല. മറ്റു വിയോജിപ്പുകളും അതു പോലെയാണ്: ശരി ആരുടെ ഭാഗത്തായാലും, അവർ അതിനെ കുറിച്ചു വിഷമിക്കേണ്ട കാര്യമില്ല, കാരണം ഒരാത്മാവിനെ നഷ്ടപ്പെടുത്തുവാൻ അവരല്ല ഉത്തരവാദി. ആ "ഗൗരവ" പ്രശ്നത്തെ കുറിച്ചുള്ള ചോദ്യം എന്തെന്നാൽ "ഈ ഉപദേശം പഠിപ്പിക്കുന്നതും പരിശീലിപ്പിക്കുന്നതും ആളുകളെ നഷ്ടപ്പെടുത്തുമോ?" എന്നാണ്.

**സാഹചര്യം അനുസരിച്ചു പ്രവർത്തിക്കൽ**

അദ്ധ്യക്ഷന്മാർ പ്രശ്നത്തിന്റെ ഗൗരവം തിരിച്ചറിഞ്ഞു കഴിഞ്ഞാൽ, അവർ സാഹചര്യത്തിനനുസരിച്ചു ശരിയായി പ്രവർത്തിക്കണം. വിയോജിപ്പുള്ളത് വിശ്വാസപരമായ കാര്യത്തിലാണോ അതോ അഭിപ്രായപരമായ കാര്യത്തിലാണോ എന്നതിനെ ആസ്പദമാക്കി, വിവിധ പ്രവർത്തനരീതികൾ നടത്തേണ്ടതു ആവശ്യമാണ്.

*വിശ്വാസവും അഭിപ്രായവും തമ്മിൽ അന്തരം വരുത്തണം.* ഒന്നാം നൂറ്റാണ്ടിലെ സഭകൾ അത്തരം വ്യത്യാസം മനസ്സിലാക്കേണ്ടിയിരുന്നു. ക്രിസ്ത്യാനികളായിത്തീരുവാൻ ജാതികളിൽ നിന്നു വരുന്നവർ പരിച്ഛേദന കഴിക്കണം എന്നു ചിലർ പഠിപ്പിക്കുമ്പോൾ, പരിഗണിക്കത്തക്ക ചർച്ചകൾക്കുശേഷം യെരുശലേമിലെ അദ്ധ്യക്ഷന്മാർ, സഭയുടെ സമ്മതത്തോടെ, അതിനെതിരായി തീരുമാനം എടുത്തു (പ്രവൃത്തികൾ 15:10,

11, 19). പരിഛേദന ആവശ്യമാണ് എന്ന ആശയം രക്ഷയെ ബാധിക്കുന്നതാണ്; അതിനെ പ്രതിരോധിക്കേണ്ടതാണ് - അതു വിശ്വാസപരമായ കാര്യമായിരുന്നു. അതായിരുന്നു പൗലൊസിന്റെ സാഹചര്യം, പ്രത്യേകിച്ചു ഗലാത്യയിൽ നടന്നത്, അവിടെ രക്ഷക്കു പരിഛേദന ആവശ്യമില്ല എന്നവൻ ഊന്നി പറഞ്ഞു (ഗലാത്യർ 2:3–5; 5:1–6).

*അഭിപ്രായ മേഖലയിലായിരിക്കാം വിയോജിപ്പു.* ചിലപ്പോൾ പ്രാദേശിക സഭയിൽ അംഗങ്ങളായ വ്യക്തികൾ തമ്മിൽ അഭിപ്രായ കാര്യങ്ങളിൽ വിയോജിപ്പു ഉണ്ടെന്നു വരാം. തീർച്ചയായും, അവർക്കുണ്ടായ എല്ലാ വിയോജിപ്പുകളും ആവശ്യമില്ലാത്ത കാര്യങ്ങളെ കുറിച്ചാണെന്ന് അവർ സമ്മതിച്ചു തരുകയില്ല. അടിസ്ഥാന ഉപദേശങ്ങളിൽ (രക്ഷാപദ്ധതി, സഭയുടെ ആരാധന, മുതലായവ.), യോജിക്കുന്നവർക്കിടയിൽ വിശ്വാസ കാര്യങ്ങളും, അഭിപ്രായ കാര്യങ്ങളും എന്താണെന്നുള്ളതിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ, എന്തു ചെയ്യാൻ കഴിയും? ഉദാഹരണത്തിനു, ചിലർ വിശ്വസിക്കുന്നത് കർത്തൃമേശക്കു ഒരു പാത്രമേ ഉപയോഗിക്കാവൂ എന്നാണ്; വേറെ ചിലർ വിശ്വസിക്കുന്നത് പാത്രത്തിന്റെ എണ്ണം ഒരു അഭിപ്രായ കാര്യമാണ് എന്നാണ്.

അത്തരം വ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ എന്തു ചെയ്യണം? ആവശ്യമില്ലാത്ത കാര്യങ്ങളിൽ അംഗങ്ങൾ വിയോജിപ്പു പ്രകടിപ്പിക്കുമ്പോൾ സഭാദ്ധ്യക്ഷന്മാർക്ക് സന്ദർഭോചിതമായി എങ്ങനെ പ്രവർത്തിക്കാം? ആ ചോദ്യത്തിനു റോമർ 14–ാം അദ്ധ്യായം ഉത്തരം നല്കുന്നു. റോമയിലെ സഭയിൽ രണ്ടു കൂട്ടരുണ്ടായിരുന്നു. പൗലൊസ് ഒന്നിനെ "ബലഹീനർ" എന്നും (റോമർ 14:1, 2) മറ്റൊന്നിനെ "ശക്തർ" എന്നും വിളിച്ചു (റോമർ 15:1). ദിവസങ്ങളെ ആചരിക്കുന്നതും മാംസം ഭക്ഷിക്കുന്നതും ആയ ചില നിഷ്ക്കർഷതകൾ "ബലഹീനർ" സ്വീകരിക്കും (റോമർ 14:2, 5, 21), എന്നാൽ "ശക്തരായവർ" അതു തള്ളിക്കളഞ്ഞു. "ബലഹീനർ" ആ വ്യത്യാസത്തെ ഒരു വിശ്വാസകാര്യമായാണ് വിചാരിച്ചത്; എന്നാൽ "ശക്തർ" കണ്ടതു അതു സ്വതന്ത്രകാര്യമായിട്ടാണ്. ഈ കാര്യത്തിൽ "ശക്തർ" മനസ്സിലാക്കിയതാണ് ശരി: "[ആഹാരത്തിൽ ഒന്നിലും] സ്വയമേ അതിൽ അശുദ്ധി ഒന്നുമില്ല" (റോമർ 14:14; കൂടാതെ നോക്കുക വാ. 20).

എങ്ങനെയായാലും, പൗലൊസ് പറഞ്ഞതു ഈ സഹോദരന്മാർ - രണ്ടു കൂട്ടരും - ഒരുമിച്ചു ജീവിക്കുവാൻ പഠിക്കണം എന്നാണ്. പ്രത്യേകമായി, അവർ താഴെ കൊടുത്തിരിക്കുന്നവ പഠിക്കേണ്ടവരാണ്:[1]

(1) *അന്യോന്യം സ്വീകരിക്കൽ.* ഓരോ കൂട്ടവും മറ്റൊരു കൂട്ടത്തെ സ്വീകരിക്കണം. "ശക്തരായവർ" നിന്ദിക്കാതെ "ബലഹീനരെ" സ്വീകരിക്കണം: "തിന്നുന്നവൻ തിന്നാത്തവനെ വിധിക്കരുത്." "ബലഹീനർ" "ശക്തരെ" വിധിക്കാതെ സ്വീകരിക്കണം: "തിന്നാത്തവൻ തിന്നുന്നവനെ വിധിക്കരുത്, ദൈവം അവനെ കൈക്കൊണ്ടിരിക്കുന്നുവല്ലോ" (റോമർ 14:3; കൂടാതെ നോക്കുക വാ. 10).

(2) *വ്യക്തിപരമായ ക്ഷമാശീലം.* "ശക്തർ" അവരുടെ സഹോദരന്മാർ നിമിത്തം അവർക്കുള്ള സ്വാതന്ത്ര്യം ഉപേക്ഷിക്കുവാൻ തയ്യാറാകണം. അവർ "സഹോദരന്റെ വഴിയിൽ ഇടർച്ചയോ തടങ്ങലോ വെക്കാതിരിപ്പാൻ സൂക്ഷിക്കുക" (റോമർ 14:13; കൂടാതെ നോക്കുക വാ. 15, 20,

21). സഹോദരനു ഇടർച്ച വരുത്തുക എന്നാൽ സഹോദരനെ ഇളക്കി മറിക്കുന്നതു മാത്രമല്ല; പിന്നെയോ, അതിനർത്ഥം അവനെക്കൊണ്ടു പാപം ചെയ്യിക്കയും അവന്റെ ആത്മാവിനെ അപകടത്തിലാക്കുകയും ചെയ്യുക എന്നാണ്.

ഈ പ്രശ്നത്തിൽ, **"**ശക്തരായവർ**"** ശരിയായിരുന്നു. എന്നിരുന്നാലും, ഈ വാദത്തിൽ **"**ശരിയായ**"** വരോടു തെറ്റായവർക്കുവേണ്ടി അതു പേക്ഷിപ്പാൻ പറഞ്ഞിരിക്കുന്നു. എന്തുകൊണ്ട്? അതിന്റെ കാരണം ഒരു പക്ഷെ അവർ **"**ശക്തർ**"** *ആയിരുന്നതു*കൊണ്ടാകാം. അവർ ക്രിസ്തീയ മതത്തിന്റെ സ്വയ-ത്യാഗ സ്വഭാവത്തെ നന്നായി മനസ്സിലാക്കിയിരിക്കാം; പൗലൊസ് പറഞ്ഞു, **"**എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽ തന്നേ പ്രസാദിക്കാതിരിക്കയും വേണം. നമ്മിൽ ഓരോരുത്തൻ കൂട്ടുകാരുടെ നന്മെക്കായിട്ടു, ആത്മികവർദ്ധെനക്കുവേണ്ടി പ്രസാദിപ്പിക്കേണം. ക്രിസ്തുവും തന്നിൽ തന്നേ പ്രസാദിച്ചില്ല; ...**"** (റോമർ 15:1-3). ക്രിസ്ത്യാനികളിൽ ഈ മനോഭാവം ഉണ്ടെങ്കിൽ എത്ര ഉപദേശപരമായ വിയോജിപ്പുകൾ പരിഹരിക്കുവാൻ കഴിയും!

(3) *അന്യോന്യമുള്ള ആത്മികവർദ്ധന.* **"**ദൈവരാജ്യം ഭക്ഷണവും പാനിയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമത്രേ**"** എന്ന് സഭ തിരിച്ചറിയണം. ഓരോ ക്രിസ്ത്യാനിയും **"**അന്യോന്യം സമാധാനത്തിനും ആത്മികവർദ്ധനെക്കും ഉള്ളതിനു ശ്രമിച്ചുകൊൾക**"** (റോമർ 14:17, 19).

(4) *ആന്തരിക സമ്മതം.* ദൈവേഷ്ടത്തെ കുറിച്ചുള്ള സ്വന്തം അറിവനുസരിച്ച് പ്രവർത്തിക്കുവാൻ ഓരോ അംഗങ്ങളും ശ്രദ്ധിക്കണം: **"**എന്നാൽ സംശയിക്കുന്നവൻ തിന്നുന്നു എങ്കിൽ, അതു വിശ്വാസത്തിൽ നിന്നുത്ഭവിക്കായ്ക കൊണ്ട് അവൻ കുറ്റക്കാരനായിരിക്കുന്നു; വിശ്വാസത്തിൽ നിന്നുത്ഭവിക്കാത്തതൊക്കെയും പാപമത്രേ**"** (റോമർ 14:23). അതുകൊണ്ടു, ഒരാൾ ചെയ്യുന്നതു ജന്മസിദ്ധമായ ശരിയാണെങ്കിലും, അയാൾ സ്വന്തം മനസാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കുകയാണെങ്കിൽ, അയാൾ പാപം ചെയ്യുകയാണ്.

പ്രാദേശിക സഭയിലെ ഉപദേശപരമായ വിയോജിപ്പുകൾ അഭിപ്രായ വിഷയത്തെ സംബന്ധിച്ചാണെങ്കിൽ, റോമാ ലേഖനം 14 പിൻപറ്റാവുന്നതാണ്.

*വിയോജിപ്പുകൾ വിശ്വാസപരമായ കാര്യങ്ങളെ കുറിച്ചായിരിക്കാം.* ഉപദേശപരമായ പ്രശ്നം, വാസ്തവത്തിൽ, വിശ്വാസപരമായ വിഷയത്തിലാണെന്ന് സഭാദ്ധ്യക്ഷന്മാർ തീരുമാനിച്ചാൽ - അതു ആളുകളെ നഷ്ടപ്പെടുത്താനിടയാക്കുമെങ്കിൽ - അവർക്കു എന്തു ചെയ്യുവാൻ കഴിയും?

ഒന്നാമതു, ആരെങ്കിലും ദുരുപദേശം പഠിപ്പിച്ചാൽ അവരെ അദ്ധ്യക്ഷന്മാർ തിരുത്താൻ ശ്രമിക്കണം. തീർച്ചയായും, അവർ അതു ചെയ്യേണ്ടതു സ്നേഹരൂപത്തിലായിരിക്കണം. കുത്തുവാക്കാൽ, വ്യക്തിപരമായ ആക്രമണത്താൽ അല്ലെങ്കിൽ **"**അല്പത്വത്താൽ,**"** ക്രിസ്ത്യാനികൾ കുറ്റക്കാരാകുന്നതിൽ യാതൊരു ഒഴികഴിവുമില്ല, ഇവയൊന്നും ദുരുപദേഷ്ടാ

ക്കളെ കൈകാര്യം ചെയ്യുന്നതിനു പോലും സ്വീകരിക്കരുത്. എഫെസ്യർ 4:15 പ്രകാരം, ക്രിസ്ത്യാനികൾ "സ്നേഹത്തിൽ" സത്യം സംസാരിക്കണം. രണ്ടു തിമൊഥെയൊസ് 2:23-26 പഠിപ്പിക്കുന്നതു നാലു തത്വങ്ങളാണ്: (1) സഭാദ്ധ്യക്ഷന്മാർ വിവാദങ്ങളിൽ പ്രമുഖരാകരുത്; ചില കാര്യങ്ങൾ വാദിക്കുന്നതിൽ കഴമ്പില്ലാത്തവയാണ്. (2) ചിലപ്പോൾ സത്യത്തിൽ നില്ക്കുന്നവർ അവരുടെ എതിരാളികളെ തിരുത്തേണ്ടതു ആവശ്യമാണ്. (3) ആ തിരുത്തൽ നടത്തേണ്ടത് "സൗമ്യതയോടെ ആണ്." (4) തിരുത്തലിന്റെ ഉദ്ദേശം വാദിച്ചു ജയിക്കുക എന്നതോ, മറ്റൊരാളെ തരം താഴ്ത്തുകയോ, അല്ലെങ്കിൽ ഒരാളെ സ്വയം വലുതാക്കി കാണിക്കുന്നതിനുമല്ല, എന്നാൽ തിരുത്തപ്പെടുന്ന ആളുടെ ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടിയായിരിക്കണം.

രണ്ടാമതു, അവർക്കു, കഴിയുന്നതും, തങ്ങളുടെ തെറ്റു ഉപേക്ഷിക്കുന്നതുവരെ, ദുരുപദേഷ്ടാവിനെ തന്റെ സന്ദേശം വ്യാപിപ്പിക്കുന്നതിൽ നിന്നു പിന്തിരിപ്പിക്കുവാൻ സാധിക്കണം.

മൂന്നാമതു, പഠിപ്പിക്കുന്നതും പഠിപ്പിച്ചിരുന്നതും ആയ തെറ്റായ ആശയങ്ങളെ തിരുത്തേണ്ടതു, അവരുടെ ഉത്തരവാദിത്വമാണ്.

നാലാമതു, ആ ദുരുപദേഷ്ടാവു പരസ്യമായി പാപം ചെയ്തതായി അവർക്കു ബോധ്യമാവുകയും അയാൾ മാനസാന്തരപ്പെടാതിരിക്കയും എന്നാൽ ഇടവകയിൽ തുടരുകയും ചെയ്താൽ, അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണം. അയാൾ മാനസാന്തരപ്പെടാതെ തുടർന്നു കൊണ്ടിരുന്നാൽ, ആ നടപടി അയാളെ കൂട്ടായ്മയിൽ നിന്നും അകറ്റുന്നതിലേക്കു നയിക്കും. എങ്ങനെയായാലും, അദ്ധ്യക്ഷന്മാർ ഈ നടപടി എടുക്കുവാൻ തീരുമാനിച്ചാൽ, അവർ അതു നടപ്പിലാക്കുന്നതിൽ അവരെ "സഭയിൽ നിന്നും പുറത്താക്കുക" എന്നതുൾപ്പെടുന്നില്ല എന്നവർ ഉറപ്പു വരുത്തണം. സഭയുടെ അച്ചടക്ക നടപടി സഭാദ്ധ്യക്ഷന്മാരല്ല നടത്തേണ്ടതു, എന്നാൽ സഭയാണ്. ഇടവക ഓർമ്മിക്കേണ്ടത് അച്ചടക്കത്തിനു വിധേയരായവരെ ശത്രുക്കൾ ആയി കണക്കാക്കാതെ, സഹോദരങ്ങൾ എന്ന വിധത്തിൽ അവരെ പ്രബോധിപ്പിക്കണം (2 തെസലൊനിക്യർ 3:15). മൂപ്പന്മാരോടോ, ഉപദേഷ്ടാവിനോടോ ആർക്കെങ്കിലും വിയോജിപ്പു ഉണ്ടെന്ന കാരണത്താൽ സഭ അവരെ അച്ചടക്കം വരുത്തുന്നില്ല; പ്രാദേശിക അദ്ധ്യക്ഷന്മാരോട് അയാൾ യോജിക്കുന്നുവോ അതോ വിയോജിക്കുന്നുവോ എന്നതല്ല ചോദ്യം, അയാളുടെ ഉപദേശം ബൈബിളുമായി യോജിക്കുന്നുവോ ഇല്ലയോ എന്നതാണ്. അച്ചടക്കം വരുത്തുന്നതു വചനപ്രകാരവും സ്നേഹത്താലുമാണോ എന്നു അദ്ധ്യക്ഷന്മാർ ഉറപ്പുവരുത്തേണ്ടതുണ്ട്.

എങ്ങനെയായാലും, ഏറ്റവും പ്രധാനമായി വേണ്ടത്, ആവശ്യമുള്ള കാര്യങ്ങളുമായി പ്രശ്നത്തിനു ബന്ധമുണ്ടെങ്കിൽ, അതെന്തായാലും ശരി, സഭാദ്ധ്യക്ഷന്മാർ സത്യത്തിനുവേണ്ടി നിലകൊള്ളണം എന്നതാണ്.

## ഉപസംഹാരം

മൂപ്പന്മാരുടെ ഏറ്റവും നല്ല പരിശ്രമം ഉണ്ടായിട്ടും, ഇടവക മുഴുവനായും "വിശുദ്ധന്മാർക്കു ഒരിക്കലായി ഭരമേല്പിച്ച വിശ്വാസത്തിൽ

നിന്നു" അകന്നുപോയേക്കാം (യൂദാ 3). അപ്പോൾ മൂപ്പന്മാർ എന്തു ചെയ്യണം? എല്ലാ സാഹചര്യങ്ങൾക്കും യോജിച്ച ഒരു പരിഹാരവുമില്ല. അവർ എന്തു ചെയ്യുകയാണെങ്കിലും, അവരതു ബുദ്ധിപരമായും, അതേ സമയം വചന വിരുദ്ധമായി, നിയമവിരുദ്ധമായി, അല്ലെങ്കിൽ വർഗ്ഗവിരുദ്ധമായി ഒന്നും ചെയ്യുന്നില്ല എന്നും ഉറപ്പുവരുത്തണം. എല്ലാറ്റിലുമുപരി, അവർ ദുരുപദേഷ്ടാക്കന്മാരോട് യോജിക്കുവാൻ പാടില്ല യോജിക്കു*കയുമരുത്.*

ഇരുപതു വർഷത്തോളം അബിലിൻ ക്രിസ്റ്റ്യൻ യൂണിവേഴ്സിറ്റിയിൽ പ്രസിഡന്റായിരുന്ന ഡോൺ മോറിസിനെ കുറിച്ചു, ഒരു സംഭവം ഞാൻ കേട്ടിട്ടുണ്ട്. സത്യമായിട്ടാണ് അതു എന്നോടു പറഞ്ഞത്. കാമ്പസിൽ ചില വിവാദങ്ങൾ ഉയർന്നു. അതെന്തിനെ കുറിച്ചായിരുന്നു എന്നെനിക്ക് അറിയില്ല; കഥ അറിഞ്ഞതനുസരിച്ച്, അതു ഡോൺമോറിസിന് സത്യത്തോടുള്ള മനസാക്ഷിയുടെയും സമർപ്പണത്തിന്റെയും വിഷയത്തെ സംബന്ധിച്ചതായിരുന്നു, എന്നു മാത്രമേ എനിക്ക് അറിയുകയുള്ളൂ. കഥയിൽ പറയുന്നതു ഒരു ദിവസം ഡോൺ മോറിസ് ചാപ്പലിൽ എഴുന്നേറ്റു നിന്നു ഏതാണ്ടു ഇതുപോലെ പറഞ്ഞു: "ഈ കോളേജിന്റെ ബോർഡും ഭരണക്കാരും അദ്ധ്യാപകരും ഉദ്യോഗസ്ഥരും വിദ്യാർത്ഥികളും സത്യത്തിനുവേണ്ടി നില്ക്കുന്നിടത്തോളം കാലം, ഞാൻ അവരോടു കൂടെ നില്ക്കും. എന്നാൽ ബോർഡും, ഭരണക്കാരും, അദ്ധ്യാപകരും, ഉദ്യോഗസ്ഥരും സത്യത്തിനുവേണ്ടി നില നില്ക്കുന്നിടത്തോളം കാലം വിദ്യാർത്ഥികൾ സത്യത്തെ തള്ളിക്കളഞ്ഞാൽ, ഞാൻ അവരുടെ ഭാഗത്തു നില്ക്കും. എന്നാൽ ബോർഡും ഭരണക്കാരും സത്യത്തിനുവേണ്ടി നില നില്ക്കുന്നിടത്തോളം കാലം, അദ്ധ്യാപകരും ഉദ്യോഗസ്ഥരും സത്യത്തെ തള്ളിക്കളഞ്ഞാൽ, ഞാൻ അവരുടെ ഭാഗത്തു നില്ക്കും. എന്നാൽ ഭരണക്കാർ സത്യത്തെ തള്ളുകയും, കോളേജിന്റെ ബോർഡ് സത്യത്തിനുവേണ്ടി നില്ക്കുകയും ചെയ്താൽ, ഞാൻ അവരോടൊപ്പം നില്ക്കും. എന്നാൽ ബോർഡും മറ്റെല്ലാവരും സത്യത്തെ തള്ളിക്കളഞ്ഞാൽ, ഞാൻ തന്നെത്താൻ നില്ക്കും!"

അതുപോലെ, ഇടവകയിലെ അദ്ധ്യക്ഷന്മാർ, ആവശ്യമെങ്കിൽ, തന്നെത്താൻ സത്യത്തിനുവേണ്ടി നില്ക്കണം!

---

കുറിപ്പു

[1]കോയ് റോപ്പർ നോക്കുക, "ഹൗ ക്രിസ്റ്റ്യൻസ് കാൻ ഡിസ്എഗ്രി വിത്തൗട്ട്

© 2009 Truth for Today